# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 580

**29.05.2019 ൽ മറുപടിക്ക്**

## നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സിമന്റ്, മണൽ, മെറ്റൽ, കമ്പി എന്നിവയുടെ വിലക്കയറ്റം മൂലം നിർമ്മാണ മേഖല കടുത്ത പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വിലക്കയറ്റത്തെ തുടർന്ന് കെട്ടിട നിർമ്മാണച്ചെലവ് ചതുരശ്രയടിക്ക് 250 രൂപയോളം വർദ്ധിച്ചത് സാധാരണക്കാരായ ആളുകളുടെ ഗൃഹനിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) വിലക്കയറ്റത്തെ തുടർന്ന് കെട്ടിട നിർമ്മാണ ചെലവ് വർദ്ധിച്ചത് ഗൃഹനിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം തടയുന്നതിനും സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം തടയുന്നതിനും സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനായും, കരിങ്കല്ലിന്റെയും മെറ്റലിന്റെയും ലഭ്യത വർദ്ധിപ്പിച്ച് വില വർദ്ധനവ് തടയുന്നതിനായും ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>1. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.<br>2. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22.06.2017 ലെ സ.ഉ(പി) 25/2017/ഐ.ഡി നമ്പരായ |

സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും, നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായി നിജപ്പെടുത്തുകയും ചെയ്തു.

3. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന ചട്ടം ഒഴിവാക്കി.
4. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിങ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
5. തിരഞ്ഞെടുത്ത ഡാമുകളിൽ നിന്നും മണൽ/ ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
6. അന്യ സംസ്ഥാനത്തു നിന്നും / വിദേശത്തുനിന്നും കരിങ്കല്ല്/ മണൽ ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
7. ബഹു. മുഖ്യമന്ത്രി, വ്യവസായ മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ സിമന്റ് ഉത്പാദകരുടെയും, വ്യാപാരികളുടെയും യോഗങ്ങൾ വിളിക്കുകയും സിമന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം നൽകി.
8. സിമെന്റിന്റെ വില വർദ്ധനവ് തടയുന്നതിനായി മലബാർ സിമന്റ്സ്, കമ്പനിയുടെ എല്ലാ യൂണിറ്റുകളും പൂർണതോതിൽ പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുകയും, സിമന്റ് ഉല്പാദനം മെച്ചപ്പെടുത്തുകയും, സിമന്റ് മാർക്കറ്റിൽ നിത്യേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.
9. ക്വാറി ഉത്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട് എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ

മാർക്ക് ക്വാറി/ ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികൾ എടുക്കുവാൻ നിർദ്ദേശം നൽകി.

10. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15.05.2019 തീയതിയിൽ യോഗം ചേർന്ന് SEIAA/SEAC-ന് നിർദേശം നൽകി.

11. 09.03.2018, 21.11.2018 തീയതികളിൽ വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.

12. 2008-ന് മുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ്) നികത്തപ്പെട്ട ഭൂമിയിൽ നിന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.) -യെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ഇ.സി.യുടെ റിപ്പോർട്ട് പ്രകാരം കളിമണ്ണ് നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതി നൽകുന്നതിന് തുടർ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

**സെക്ഷൻ ഓഫീസർ**